പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3546** **10. 04. 2013**- ലെ മറുപടി

<u>സൗദി അറേബ്യയിലെ സ്വദേശിവത്കരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u><br><u>ശ്രീ. തോമസ് ചാണ്ടി</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദി അറേബ്യയിലെ തൊഴിൽ മേഖലയിൽ സ്വദേശീവത്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി തിരികെവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) തിരികെ വന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൂലധന സബ്സിഡി നൽകാനുള്ള ഒരു പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സൗദി അറേബ്യയിലെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്ന പ്രവാസികൾക്ക് സമഗ്രമായ പുനരധിവാസ പദ്ധതികൾ രൂപം നൽകുന്നതിനായി മന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതതല ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി)ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളുടെ പുനരധിവാസത്തിനായി ഇക്കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ പണം നീക്കിവെച്ചിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വിവിധ വിദേശരാജ്യങ്ങളിൽ പണിയെടുക്കുന്ന പ്രവാസി ഇന്ത്യക്കാർക്കായി നിബന്ധനകൾക്കനുസൃതമായി മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ യോജന എന്നറിയപ്പെടുന്ന പെൻഷൻ പദ്ധതി കേന്ദ്ര ബജറ്റിൽ നിന്ന് തുക വകയിരുത്തി കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം നടപ്പിലാക്കിവരുന്നുണ്ട്. |

(സി)ഗൾഫിൽ നിന്നും മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിന് അടിയന്തിരമായി ഒരു പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) തദ്ദേശവത്കരണം കാരണം വിദേശരാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവരെക്കുറിച്ചുള്ള സ്ഥിതി വിവര കണക്കുകൾ ലഭ്യമായി വിശദ പരിശോധന നടത്തിപുനരധിവാസ പദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുനരധിവാസത്തിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി)സ്വദേശീവത്കരണത്തിന്റെ ഭാഗമായി സൗദിയിൽ ജോലി നഷ്ടപ്പെടുന്ന ഇന്ത്യാക്കാരുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി സൗദിയിലെ തൊഴിൽ മന്ത്രാലയവുമായി ചർച്ച നടത്തുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

(ഡി) സൗദി അറേബ്യയിലെ തൊഴിൽ മേഖലയിൽ സ്വദേശി വത്ക്കരണം നടപ്പാക്കുന്നതിന്റെ ഭാഗ മായി നിതാഖാത്ത് സമ്പ്രദായം ശക്തമാക്കിയതിനെ ത്തുടർന്ന് പ്രവാസി ഇന്ത്യാക്കാർക്ക് തൊഴിലവസര ങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ നയതന്ത്രതലത്തിൽ ചർച്ചകൾ നടത്തി പരിഹരിക്കുന്നതിന് ആവശ്യ മായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരി നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ